**പതിമൂന്നാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2012 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി നടത്തിയ പഠനത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട്)

(2012 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്)

1092/2012.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. പി. ബി. അബ്ദുൾ റസാക്

ശ്രീ. പി. എ. മാധവൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. വി. എസ്. സുനിൽ കുമാർ

ശ്രീ. തോമസ് ചാണ്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. അബ്ദുൾ ഖരീം, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും വിദേശങ്ങളിലും ഉള്ള മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്. പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി സമിതി ഡൽഹി, മുംബൈ എന്നീ മഹാനഗരങ്ങളിലും കേരളത്തിലെ വിവിധ ജില്ലാ ആസ്ഥാന ങ്ങളിലും യോഗം ചേരുകയുണ്ടായി. പ്രവാസി മലയാളികളുടെ വിവിധ സംഘടന കളുമായി സമിതി ചർച്ച നടത്തുകയും അവരിൽ നിന്നും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

പ്രസ്തുത പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2012 ജൂലൈ 16-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

അബ്ദുറഹിമാൻ രണ്ടത്താണി,

*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

## റിപ്പോർട്ട്

'ചന്ദ്രനിൽ ചെന്നാൽ അവിടെയും ഒരു മലയാളിയുണ്ടായിരിക്കും' എന്ന പറഞ്ഞുപതിഞ്ഞ തമാശ അതിവിശാലമായ ഈ ഭൂമുഖത്ത് എവിടെയും മലയാളിയുടെ സാന്നിദ്ധ്യമുണ്ട് എന്ന വസ്തുത വ്യക്തമാക്കുന്നുണ്ട്. 'തൊഴിലില്ലായ്മ' എന്ന വിപത്തിന്റെ കെടുതിയിൽ നിന്നും രക്ഷനേടുന്നതിനായി, ഒരു തൊഴിൽ തേടി, സ്വന്തം നാടും വീടും വിട്ടകന്ന് രാജ്യത്തിനകത്തും പുറത്തുമായി മലയാളികൾ കുടിയേറിപ്പാർക്കുവാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു.

2. ഇന്ന് ഏകദേശം 37 ലക്ഷം മലയാളികൾ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി കഴിഞ്ഞുവരുന്നുണ്ട്. മികച്ച വിദ്യാഭ്യാസ യോഗ്യതയും ആരോഗ്യവും കൈമുതലാക്കി എന്ത് ജോലിയും ചെയ്യാനുള്ള സന്നദ്ധതയുമായി മറുനാടുകളിൽ എത്തുന്ന മലയാളികളെ മിക്കപ്പോഴും വരവേൽക്കുന്നത് കഠിനമായ പ്രയാസങ്ങളും പ്രതിബന്ധങ്ങളുമാണ്. ഭാസുരമായ ഭാവി സ്വപ്നം കാണുന്ന മലയാളി അവയെ സധൈര്യം നേരിട്ട് കഠിനാദ്ധ്വാനം ചെയ്യുകയും അതിൽ നിന്നും ലഭിക്കുന്ന തുച്ഛമായ പ്രതിഫലം പരമാവധി മിച്ചം പിടിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സിലേക്ക് മുതൽകൂട്ടുകയും ചെയ്യുന്നു. വർഷങ്ങൾ നീണ്ടു നിൽക്കുന്ന യാതനകൾക്കും ദുരിതങ്ങൾക്കും ഒടുവിൽ, വാർദ്ധക്യവും അത് നൽകുന്ന പ്രയാസങ്ങളും രോഗങ്ങളും മാത്രം നേടിയാണ് പ്രവാസി സ്വന്തം മണ്ണിലേക്ക് തിരിച്ചെത്തുന്നത്. നമുക്ക് ഇത്രയേറെ വിദേശനാണയം നേടിത്തരുന്ന പ്രവാസികളെയും അവരുടെ കുടുംബങ്ങളെയും പ്രവാസജീവിതം കഴിഞ്ഞു മടങ്ങിയെത്തുന്ന പതിനായിരങ്ങളെയും സംരക്ഷിക്കുന്നതും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും ഏതൊരു ജനപക്ഷ സർക്കാരിന്റെയും കടമയാണ്. ഈ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് മടങ്ങിയെത്തിയ പ്രവാസികളുടെയും പ്രവാസ ജീവിതം നയിക്കുന്നവരുടെയും ക്ഷേമത്തിനായി പ്രവാസി കേരളീയ കാര്യ വകുപ്പും നോർക്ക-റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമനിധി ബോർഡ് എന്നിവയും രൂപീകരിക്കപ്പെട്ടത്.

3. പ്രവാസി മലയാളികളുടെ ക്ഷേമം മുൻനിർത്തി, പ്രവാസികാര്യ വകുപ്പ് ആവിഷ്ക്കരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്, നോർക്ക-റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം എന്ന നിലയിലാണ് പന്ത്രണ്ടാം കേരള നിയമസഭ 31-7-2010-ൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് രൂപം നൽകിയത്.

4. 2011-ൽ രൂപീകൃതമായ നിലവിലെ സമിതി പ്രവാസി മലയാളികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി 8-12-2011-ൽ മലപ്പുറം, 10-1-2012-ൽ കാസർഗോഡ്, 22-2-2012-ൽ പത്തനംതിട്ട എന്നീ ജില്ലാ ആസ്ഥാനങ്ങളിലും; 27-1-2012, 28-1-2012 എന്നീ തീയതികളിൽ മുംബൈയിലും; 30-1-2012-ൽ ഡൽഹിയിലും വച്ച് പ്രവാസി മലയാളികളുടെ സംഘടനകളുമായി ചർച്ച നടത്തുകയും അവരിൽ നിന്നും പരാതികളും നിർദ്ദേശങ്ങളും

സ്വീകരിക്കുകയും ചെയ്തു. പ്രസ്തുത പരാതികളും നിർദ്ദേശങ്ങളും സമഗ്രമായി വില യിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്യുകയും ചില നിർദ്ദേശ ങ്ങൾക്ക് രൂപം നൽകുകയും ചെയ്തു. മുംബൈയിലും ഡൽഹിയിലും നടത്തിയ സന്ദർശനവേളയിൽ സമിതിക്ക് മുന്നിൽ പ്രധാനമായി ഉയർന്നുവന്ന വിഷയം പ്രസ്തുത നഗരങ്ങളിലെ പ്രവാസി നേഴ്സുമാർ നേരിടുന്ന പീഡനങ്ങളെയും അവഗണനകളെയും കുറിച്ചുള്ള പരാതികളാണ്. സമീപകാലത്ത് സജീവമായി ഉയർന്നുവന്ന വിഷയമെന്ന നിലയിൽ സമിതി ഈ വിഷയം ഗൗരവമായെടുക്കുകയും ഇതു സംബന്ധിച്ച് അടിയന്തിര ശ്രദ്ധ പതിയേണ്ടതും സത്വരമായി നടപ്പിലാക്കേണ്ടതു മായ ശുപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് കേരള നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ നിഗമനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

5. മലയാളിയുടെ മറുനാടുകളിലേക്കുള്ള പ്രയാണത്തിനും കുടിയേറ്റത്തിനും പതിറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും പ്രവാസി മലയാളികളുടെ കൃത്യമായ കണക്കെടുപ്പോ ആധികാരികമായ വിവരശേഖരണമോ നാളിതുവരെ ഫലപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നമുക്ക് മുന്നിൽ അവശേഷിക്കുന്നു. പ്രവാസി മലയാളികളെ സംബന്ധിച്ച വിവരശേഖരണത്തിനായി പ്രവാസി കേരളീയകാര്യ വകുപ്പ് ചുമതലപ്പെടുത്തിയതിൻപ്രകാരം സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനം 'കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡീസ്' എന്ന പേരിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത റിപ്പോർട്ട് ആധികാരികമായി കണക്കാക്കാൻ കഴിയുന്നതല്ലായെന്ന് സമിതി മുമ്പാകെ വെളിവാക്കപ്പെടുകയുണ്ടായി.

6. പ്രവാസികളുടെ പുനരധിവാസപ്രവർത്തനങ്ങൾക്ക് ഏറ്റവും അനിവാര്യമാ യിട്ടുള്ളത് തിരിച്ചുവന്നവരും പുറത്തുള്ളവരുമായ മലയാളികളുടെ സ്ഥിതിവിവര കണക്കുകളാണ്. തിരിച്ചുവന്ന പ്രവാസികളുടെ പരിചയവും കഴിവും യോഗ്യതയും വിലയിരുത്താനുള്ള ഒരു സംവിധാനവും ആവശ്യമാണ്. അതിനാൽ പ്രവാസി മലയാളികളുടെ കൃത്യമായ കണക്കെടുപ്പ് നടത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്ന് സമിതി വിലയിരുത്തുന്നു.

7. പ്രവാസജീവിതം അവസാനിപ്പിച്ച് തിരികെ നാട്ടിലെത്തുന്നവരുടെ പ്രശ്നങ്ങളും സമിതി അത്യധികം പ്രാധാന്യത്തോടെ നോക്കിക്കാണുന്നു. അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് ആശ്വാസം പകരുന്നതിനും പെൻഷൻ, ചികിത്സാ സഹായം, സ്വയം തൊഴിൽ വായ്പ തുടങ്ങി നിരവധി ആനുകൂല്യങ്ങൾ നൽകുന്നതിനുമായാണ് പ്രവാസി കേരളീയ ക്ഷേമ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 18 വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ 55 വയസ് പൂർത്തിയായിട്ടില്ലാ ത്തതുമായ പ്രവാസി മലയാളികൾക്കുമാത്രമേ നിലവിൽ ക്ഷേമനിധി അംഗത്വത്തിന് അർഹതയുള്ളൂ. എന്നാൽ മറുനാടുകളിൽ നിന്നും തിരികെയെത്തുന്ന നല്ലൊരു ശതമാനം പ്രവാസികളും ഈ പ്രായപരിധി കഴിഞ്ഞിട്ടുള്ളവരാണെന്നതിനാൽ അവർക്ക് പദ്ധതിയിൽ അംഗത്വം നേടുന്നതിനോ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനോ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. വിവിധ സംഘടനാ പ്രതിനിധികളുമായി സമിതി നടത്തിയ ചർച്ചയിൽ ഇക്കാര്യം പലപ്രാവശ്യം ഉന്നയിക്കപ്പെടുകയുണ്ടായി.

8. ഈ സാഹചര്യത്തിൽ പരമാവധി പ്രവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിനായി പദ്ധതിയിൽ അംഗമാകുന്നതിനുള്ള ഉയർന്ന പ്രായപരിധി 55-ൽ നിന്നും അറുപത് വയസ്സായി ഉയർത്തണമെന്നുള്ള സമിതിയുടെ മുൻ റിപ്പോർട്ടിലെ ശുപാർശ അടിയന്തിരമായി നടപ്പാക്കണമെന്ന് സമിതി ശക്തമായി ആവശ്യപ്പെടുന്നു.

9. നിലവിൽ എസ്.ബി.റ്റി.യുടെ ശാഖകൾ മുഖേന മാത്രമേ ക്ഷേമനിധിയിലേക്കുള്ള വിഹിതം അടയ്ക്കുവാൻ വ്യവസ്ഥയുള്ളൂ. ഇത് കാരണം ക്ഷേമനിധി അംഗങ്ങൾക്ക് യഥാസമയം തങ്ങളുടെ വിഹിതം ക്ഷേമനിധിയിൽ അടയ്ക്കുവാൻ പ്രയാസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേമനിധിയിലേക്ക് പണം അടയ്ക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും കേരളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകൾ വഴിയും ഇ-ബാങ്കിംഗ് വഴിയും ക്ഷേമനിധിയിലേക്ക് പണമടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. പ്രവാസി മലയാളികളുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന നോർക്ക-റൂട്ട്സിന്റെ പ്രവർത്തനമേഖല കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട് എന്ന് സമിതി കരുതുന്നു.

11. ഈയടുത്തിടെ നടത്തിയ ഒരു പഠനത്തിൽ പ്രവാസജീവിതം നയിക്കുന്നവരും പ്രവാസജീവിതം കഴിഞ്ഞ് മടങ്ങിയെത്തിയവരുമായ സ്ത്രീകളിൽ 90% പേരും നോർക്ക എന്ന വകുപ്പിനെപ്പറ്റിയോ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങളെപ്പറ്റിയോ കേട്ടുകേഴ്വി പോലുമുള്ളവരല്ല എന്ന് വെളിവാക്കപ്പെടുകയുണ്ടായി. ഇതിനു പരിഹാരമായി കേരള സർക്കാരിന്റെ, പ്രവാസികൾക്കായുള്ള വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് മറുനാടൻ മലയാളികളെ ബോധവാന്മാരാക്കുന്നതിനും അത്യാവശ്യഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും വേണ്ടി, നോർക്കയുടെ ആഭിമുഖ്യത്തിൽ, പ്രവാസി മലയാളി സമാജങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജനസമ്പർക്കപരിപാടികൾ ആവിഷ്ക്കരിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു.

12. തൊഴിൽ തേടി മറുനാടുകളിലെത്തുന്ന മലയാളികൾ പലവിധ തട്ടിപ്പുകൾക്കും ചൂഷണങ്ങൾക്കും ഇരകളാകുന്നതായി സമിതി മുമ്പാകെ ഒട്ടേറെ പേർ പരാതിപ്പെടുകയുണ്ടായി. ഇക്കാര്യം സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. നിയമത്തെക്കുറിച്ചുള്ള അജ്ഞതമൂലമാണ് വിസാ തട്ടിപ്പ് അടക്കമുള്ള ചൂഷണങ്ങൾക്ക് മലയാളി ഇരയാവാൻ കാരണമെന്നും സമിതി വിലയിരുത്തുന്നു. ഇതിന് പരിഹാരം കാണുന്നതിനായി നോർക്കയുടെ കീഴിൽ ഒരു നിയമ സഹായ സെൽ രൂപീകരിക്കുന്നതിനും ഇതു സംബന്ധിച്ച് പ്രവാസികൾക്കിടയിൽ വ്യാപകമായ പ്രചാരണം നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. മറുനാടുകളിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടെങ്കിലും ഇതിന് കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആപത്ഘട്ടങ്ങളിൽ അടിയന്തിരസഹായം, നിയമ സംരക്ഷണം എന്നിവ ലഭ്യമാക്കുന്നതിനും, മറുനാട്ടിൽ വച്ച് മരണപ്പെടുന്ന മലയാളിയുടെ മൃതദേഹം കാലതാമസം കൂടാതെ നാട്ടിലെത്തിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. മുംബൈയിൽ നോർക്കയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി, നോർക്കയുടെ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും കേരള ഹൗസിലേക്ക് മാറ്റണമെന്ന അഭിപ്രായവും എല്ലാ മലയാളി സംഘടനകളും ചർച്ചാവേളയിൽ സമിതി മുമ്പാകെ ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ അടിയന്തിരമായി പരിഗണിക്കണമെന്നും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. തൊഴിൽ തേടി മഹാനഗരങ്ങളിൽ എത്തിച്ചേരുന്ന മലയാളി അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം താമസസൗകര്യമില്ലായ്മയാണ്. ഇടുങ്ങിയതും വൃത്തിയില്ലാത്തതുമായ മുറികളിൽ സാധാരണക്കാരന്റെ ജീവിതം ഒടുങ്ങിപ്പോകുന്നു. ഇത്തരം മുറികൾക്ക് വളരെ ഉയർന്ന വാടകയും നൽകേണ്ടതായി വരുന്നു. അതിനാൽ കുറഞ്ഞ വാടക നിരക്കിൽ ഡോർമിറ്ററി, വനിതാ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഏറെ ആശ്വാസകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇതിനായി സ്ഥല ലഭ്യത അനുസരിച്ച് സർക്കാർ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

16. പ്രവാസികളെ സംബന്ധിച്ച് നാട്ടിൽ ഒരു ജോലി എന്നത് അവരുടെ സ്വകാര്യ സ്വപ്നമാണ്. എന്നാൽ സൗകര്യപ്രദമായ പരീക്ഷാ കേന്ദ്രങ്ങൾ ലഭ്യമല്ലാത്തതിനാൽ മറുനാടൻ മലയാളികൾക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കാൻ കഴിയാതെവരുന്നു. ആയതിനാൽ പി.എസ്.സി. നടത്തുന്നതും വളരെയേറെ അപേക്ഷകരുള്ളതുമായ ലാസ്റ്റ് ഗ്രേഡ്, എൽ.ഡി. ക്ലർക്ക് പരീക്ഷകൾക്ക് എങ്കിലും മറ്റ് നാടുകളിൽ പരീക്ഷാ കേന്ദ്രം അനുവദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ, <u>പ്രൊഫഷണൽ കോഴ്സുകളുടെ സംസ്ഥാനതല പ്രവേശന പരീക്ഷകൾക്കായി നിലവിൽ ഡൽഹിയിലുള്ളതുപോലെ, മുംബൈയിലും ഒരു കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

17. മറുനാടൻ മലയാളികൾ കടുത്ത യാത്രാദുരിതം അനുഭവിക്കുന്നതായി, വിവിധ സംഘടനകളുമായി സമിതി നടത്തിയ ചർച്ചയിൽ ഗൗരവതരമായി ഉയർന്നുവരികയുണ്ടായി. കേരളത്തിൽ നിന്നും മഹാനഗരങ്ങളിലേക്കും തിരിച്ചും ദിനംപ്രതി ആയിരക്കണക്കിന് മലയാളികൾ യാത്ര ചെയ്യുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിനനുസൃതമായി തീവണ്ടി സർവ്വീസുകൾ വർദ്ധിപ്പിക്കാൻ മുംബൈ ഉൾപ്പെടെയുള്ള മഹാനഗരങ്ങളിലെ മലയാളികൾ ഏറെക്കാലമായി ശ്രമിക്കുന്നുണ്ടെങ്കിലും നാമമാത്രമായ പുരോഗതിയേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരളത്തിൽ നിന്നും മുംബൈ ഉൾപ്പെടെയുള്ള മറ്റ് നഗരങ്ങളിലേക്ക് നിലവിലുള്ള പ്രതിവാര ട്രെയിനുകൾ ആഴ്ചയിൽ രണ്ട് പ്രാവശ്യമെങ്കിലും സർവ്വീസ് നടത്തുകയും അവയ്ക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുകയും ചെയ്യുന്നതുവഴി യാത്രാപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുമെന്നും ആയതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. ദീർഘദൂര ട്രെയിനുകളിലെ വർദ്ധിച്ചുവരുന്ന മോഷണവും ശുചിത്വമില്ലായ്മയും യാത്രാദുരിതങ്ങൾ രൂക്ഷമാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിന് പരിഹാരമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

19. ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടി റെയിൽവേ വികസനത്തിനായി, മറ്റു സംസ്ഥാനങ്ങളിലുള്ള തുപോലെ എം.എൽ.എ.മാർ, എം.പി.മാർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കണമെന്ന അഭിപ്രായവും ചർച്ചയിൽ സംഘടനാപ്രതിനിധികളിൽ നിന്നും ഉയർന്നുവന്നു. പ്രസ്തുത സമിതി റയിൽവേ ബജറ്റ് അവതരിപ്പിക്കുന്നതിനു മുൻപായി ബന്ധപ്പെട്ട മന്ത്രിയുമായി ചർച്ച നടത്തുകയും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നത് നന്നായിരിക്കുമെന്ന് സമിതി കരുതുന്നു.

20. മലയാളികളുടെ സൗകര്യാർത്ഥം ഡൽഹി, മുംബൈ കേരളാ ഹൗസുകളിൽ റെയിൽവേ റിസർവേഷൻ കേന്ദ്രം ആരംഭിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു.

21. മുംബൈ ഉൾപ്പെടെയുള്ള മഹാനഗരങ്ങളിൽ അധിവസിക്കുന്ന മലയാളികളുടെ പിൻതലമുറക്കാരായ കുട്ടികൾക്കും യുവാക്കൾക്കും മാതൃഭാഷയിലും കേരളതനിമയിലും, സംസ്ക്കാരത്തിലും അവബോധം വളർത്തേണ്ടത് ഓരോ മലയാളിയുടേയും ധാർമ്മികമായ ഉത്തരവാദിത്തമാണ്. മഹാനഗരങ്ങളിലെ സ്കൂളുകളിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ മലയാളം പഠിപ്പിക്കുന്നതിന് സൗകര്യം ഉണ്ടെങ്കിലും മലയാള ഭാഷാപഠനം കുറഞ്ഞുവരുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

22. കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി കൊടുക്കുന്ന പാഠപുസ്തകം മുംബൈയിലും ഡൽഹിയിലും മറ്റും ലഭ്യമാകാത്തതാണ് ഇതിന് പ്രധാനകാരണമെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ മറുനാടുകളിലെ മലയാളം പഠിപ്പിക്കുന്ന സ്കൂളുകളിൽ യഥാസമയം പാഠപുസ്തകം സൗജന്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിഷ്ക്കർഷിക്കുന്നു.

23. പ്രവാസികളായ യുവതലമുറയ്ക്ക് കേരളീയ കലകളിൽ അഭിരുചിയും പങ്കാളിത്തവും വളർത്തുന്നതിനായി സാംസ്ക്കാരിക പ്രവർത്തനങ്ങളും കൂട്ടായ്മകളും സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന് സമാനമായി മറുനാടൻ മലയാളി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു കലോത്സവം സംഘടിപ്പിക്കണമെന്നും സംസ്ഥാന യുവജനക്ഷേമ ബോർഡിന്റേയും കേരളത്തിലെ വിവിധ അക്കാദമികളുടേയും പ്രവർത്തനം മെട്രോ നഗരങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും വിവിധ സംഘടനാ പ്രതിനിധികൾ സമിതിയോടഭ്യർത്ഥിച്ചു. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം കണക്കിലെടുക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

24. മറുനാടൻ മലയാളികൾക്ക് ഒരു അഭയകേന്ദ്രമെന്ന നിലയിലാണ് കേരള ഹൗസ് സ്ഥാപിച്ചതെങ്കിലും പ്രസ്തുത ലക്ഷ്യം പൂർണ്ണമായി നടപ്പിലാകുന്നില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. മഹാനഗരങ്ങളിൽ ഹാളുകൾക്ക് കൊടുക്കേണ്ടിവരുന്ന ഭീമമായ വാടക കണക്കിലെടുത്ത് കേരള ഹൗസിലെ ഹാൾ മലയാളികളുടെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കും കൂട്ടായ്മകൾക്കുമായി അനുവദിച്ചു കൊടുക്കേണ്ടതാണ് എന്ന് സമിതി വിലയിരുത്തുന്നു. ഇതോടൊപ്പം ഡൽഹിയിൽ ട്രാവൻകൂർ ഹൗസിൽ ഒരു സാംസ്ക്കാരിക സമുച്ചയം നിർമ്മിക്കുമെന്ന സർക്കാർ വാഗ്ദാനവും അടിയന്തിരമായി പാലിക്കേണ്ടതാണ് എന്നും സമിതി അഭിപ്രായപ്പെടുന്നു.

25. മുംബൈയിലെ കേരളാ ഹൗസിന് വമ്പിച്ച സാമ്പത്തിക ബാധ്യത നിലവിലുള്ളതായി സമിതി മുമ്പാകെ വെളിവാക്കപ്പെട്ടു. ഡിലേ പേമെന്റ് ഇനത്തിൽ വൻതുക സിഡ്കോയ്ക്ക് നൽകാനുള്ളതിനാൽ കേരളാ ഹൗസിന് ജപ്തി നോട്ടീസ് അയച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. കേരളാ ഹൗസിനെ സാമ്പത്തിക ബാധ്യതയിൽ നിന്നും മോചിപ്പിക്കുക എന്നത് സർക്കാർ തലത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയമായി സമിതി വീക്ഷിക്കുന്നു.

26. വിവിധ ആവശ്യങ്ങൾക്കായി ഡൽഹിയിലെത്തുന്ന മലയാളികൾക്ക് കേരളാ ഹൗസിൽ പ്രത്യേക ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യവും സമിതി മുമ്പാകെ ഉയർന്നുവന്നു. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേതുപോലെ കേരള സർക്കാരിന്റെ ഒരു പ്രത്യേക പ്രതിനിധിയെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനും കമ്മ്യൂണിറ്റി, നേറ്റിവിറ്റി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുമായി കേരള ഹൗസിൽ നിയമിക്കണമെന്ന അഭിപ്രായവും സംഘടനാ പ്രതിനിധികൾ അറിയിച്ചു. ഇക്കാര്യത്തിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് സമിതി കരുതുന്നു.

27. മറുനാടൻ മലയാളികൾക്ക് മലയാളത്തനിമയുള്ള നാടൻ ഭക്ഷണം ലഭിക്കുന്നതിനായി ആന്ധ്രാപ്രദേശ്, കർണ്ണാടക, പഞ്ചാബ് സർക്കാരുകൾ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ കേരളാ ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

28. വർഷങ്ങളായി കേരളാ ഹൗസുകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ലെന്നും അർഹമായി ലഭിക്കേണ്ട പ്രൊമോഷൻ, ട്രാൻസ്ഫർ, ട്രെയിനിംഗ് എന്നിവ ലഭിക്കുന്നില്ലെന്നും ഇത് കേരളാ ഹൗസുകളുടെ പ്രവർത്തനത്തെത്തന്നെ ബാധിക്കുന്നുവെന്നും ജീവനക്കാർ സമിതി മുമ്പാകെ പരാതിപ്പെടുകയുണ്ടായി. ഇതിനു പരിഹാരമായി കേരളാ ഹൗസ് ജീവനക്കാരെ ടൂറിസം വകുപ്പിന്റെ ഭാഗമാക്കി ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന 9-ാം ശമ്പള കമ്മീഷന്റെ ശുപാർശ നടപ്പിൽ വരുത്തണമെന്നും അവർ ആവശ്യപ്പെട്ടു. ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും കേരളാ ഹൗസിന്റെ പ്രവർത്തനമേഖല കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിനായി കേരളാ ഹൗസിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

29. കേരളത്തിന്റെ ദേശീയാഘോഷമായ ഓണം ഉൾപ്പെടെയുള്ള എല്ലാ ആഘോഷങ്ങളും മറുനാടൻ മലയാളികൾ ഏറെ ഉത്സാഹത്തോടെ ആഘോഷിക്കുന്നവയാണ്. മലയാളികളുടെ കൂട്ടായ്മകളും രുചിഭേദങ്ങളും രൂപപ്പെടുന്നതും പ്രകടമാകുന്നതും ഇത്തരം ആഘോഷവേളകളിലാണ്. അതിനാൽ ഉത്സവ സീസണുകളിൽ മെട്രോ നഗരങ്ങളിൽ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉത്സവ ചന്തകൾ ആരംഭിക്കുന്നത് മലയാളികൾക്ക് വളരെയേറെ ഉപകാരപ്രദമായിരിക്കുമെന്ന് സമിതി കരുതുന്നു.

30. മെട്രോ നഗരങ്ങളിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖ തുടങ്ങുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും ആയത് ഇതുവരെ നടപ്പിലാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മറുനാടൻ മലയാളികളുടെ സൗകര്യാർത്ഥം മെട്രോ നഗരങ്ങളിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ തുടങ്ങേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി മനസ്സിലാക്കുന്നു.

## സമിതിയുടെ ശുപാർശകൾ/നിർദ്ദേശങ്ങൾ

(1) പ്രവാസി ക്ഷേമനിധി അംഗത്വം നേടുന്നതിനുള്ള പ്രായപരിധി 55 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവാസി ക്ഷേമനിധിയിലേക്ക് ഇ-ബാങ്കിംഗ് ഉൾപ്പെടെ കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകൾ വഴിയും പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(2) കേരള സർക്കാരിന്റെ പ്രവാസികൾക്കായുള്ള വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് മറുനാടൻ മലയാളികളെ ബോധവാന്മാരാക്കുന്നതിനും അത്യാവശ്യഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനുമായി നോർക്കയുടെ ആഭിമുഖ്യത്തിൽ പ്രധാനപ്പെട്ട മലയാളി സമാജങ്ങളെകൂടി ഉൾപ്പെടുത്തികൊണ്ട് ജനസമ്പർക്ക പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(3) തൊഴിൽ തേടി മഹാനഗരങ്ങളിലെത്തുന്ന മലയാളികൾ ചൂഷണത്തിനും തട്ടിപ്പിനും ഇരയാകുന്നതിന്റെ മുഖ്യകാരണം നിലവിലുള്ള നിയമത്തെകുറിച്ചുള്ള അജ്ഞതയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇവർക്ക് നിയമ പരിരക്ഷ നൽകുന്നതിനായി നോർക്ക ഒരു നിയമ സഹായ സെൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(4) കേരളത്തിൽ നിന്നും തൊഴിലന്വേഷിച്ച് വരുന്ന മലയാളികൾക്കുവേണ്ടി മുംബൈയിലും ദില്ലി ട്രാവൻകൂർ ഹൗസ് കേന്ദ്രീകരിച്ചും ഒരു ഡോർമിറ്ററിയും വനിതാ ഹോസ്റ്റലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(5) സംസ്ഥാനതല പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾക്കായി ഡൽഹിയിലുള്ളതുപോലെ മുംബൈയിലും ഒരു കേന്ദ്രം ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(6) മലയാളികൾ തിങ്ങിപ്പാർക്കുന്ന മുംബൈ അടക്കമുള്ള മഹാനഗരങ്ങളിൽ ഉദ്യോഗാർത്ഥികൾ ഏറെയുള്ള ലാസ്റ്റ് ഗ്രേഡ്, എൽ.ഡി. ക്ലാർക്ക് പോലുള്ള തസ്തികകൾക്ക് വേണ്ടിയുള്ള പി.എസ്.സി. പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(7) കേരളത്തിൽ നിന്നും മുംബൈ, ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിലേക്കുള്ള ട്രെയിൻ സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പ്രതിവാര ട്രെയിനുകൾ ആഴ്ചയിൽ രണ്ടുതവണ സർവ്വീസ് നടത്തുന്നതിനും കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും ഇതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(8) കടുത്ത യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേരളത്തിൽ നിന്നും മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. വോൾവോ ബസ് സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(9) മറുനാടുകളിലെ മലയാളം പഠിപ്പിക്കുന്ന സ്കൂളുകളിൽ യഥാസമയം സൗജന്യമായി പാഠപുസ്തകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(10) മലയാളികളുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കും സമ്മേളനങ്ങൾക്കുമായി കേരളാ ഹൗസിലെ ഹാളുകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഡൽഹിയിൽ ട്രാവൻകൂർ ഹൗസിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(11) ഡൽഹി, മുംബൈ കേരളാ ഹൗസുകളിൽ റെയിൽവേ റിസർവേഷൻ കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(12) മറുനാടൻ മലയാളികളുടെ സാഹിത്യവാസനകളെ പരിപോഷിപ്പിക്കുന്നതിനായും യുവതലമുറയ്ക്ക് കേരളീയ കലകളിൽ അഭിരുചി വളർത്തുന്നതിനായും കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി തുടങ്ങിയവകളുടെ പരിശീലന ക്യാമ്പുകൾ, ശില്പശാലകൾ തുടങ്ങിയവ മറുനാടുകളിലേക്കും വ്യാപിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(13) മെട്രോ നഗരങ്ങളിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(14) മറുനാടൻ മലയാളികൾക്ക് ചെലവുകുറഞ്ഞതും രുചികരവുമായ നാടൻ ഭക്ഷണം ലഭിക്കുന്നതിനായി കേരളാ ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(15) വിവിധ ആവശ്യങ്ങൾക്കായി ഡൽഹിയിലെത്തുന്ന മലയാളികളുടെ സൗകര്യാർത്ഥം കേരളാ ഹൗസിൽ ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തണമെന്നും കേരള സർക്കാരിന്റെ ഒരു പ്രത്യേക പ്രതിനിധിയെ വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനുമായി ഡൽഹി, മുംബൈ കേരളാ ഹൗസുകളിൽ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(16) കേരളാ ഹൗസിലെ സ്ഥിരം ജീവനക്കാരെ ടൂറിസം വകുപ്പിന്റെ ഭാഗമാക്കി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കണമെന്നും കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവും ആക്കുന്നതിന് കേരളാ ഹൗസിലെ നിയമനങ്ങൾ പി.എസ്.സി മുഖേന നടത്തുന്നതിന് നടപടി കൈക്കൊള്ളണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(17) മുംബൈയിൽ നോർക്കയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നോർക്കയുടെ ഓഫീസ് മുംബൈ കേരളാ ഹൗസിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(18) ഉത്സവസീസണുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിലും മുംബൈയിലും ഉത്സവചന്തകൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(19) വിശദമായ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തി ഇന്ത്യയ്ക്കകത്തും പുറത്തും അധിവസിക്കുന്ന പ്രവാസി മലയാളികളുടെ സമഗ്രവും ആധികാരികവുമായ സ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(20) പ്രവാസികൾക്കായുള്ള പ്രത്യേക പാർപ്പിട പദ്ധതികൾക്കുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അബ്ദുറഹിമാൻ രണ്ടത്താണി,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ, 23.